# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 255 06.01.2014-ൽ മറുപടിയ്ക്ക്

## എ.ഡി.ബി.വായ്പ തട്ടിപ്പ് കേസിലെ പ്രതി ശ്രീ.ഫിറോസിന്റെ അറസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | എ.ഡി.ബി.-യിൽ നിന്നും 25 കോടി രൂപ വായ്പ വാഗ്ദാനം ചെയ്ത് സരിത.എസ്.നായരും, ബിജു രാധാകൃഷ്ണനും നടത്തിയ തട്ടിപ്പിലെ കൂട്ടുപ്രതിയായ ശ്രീ.ഫിറോസിനെ പി.ആർ.ഡി. ഡയറക്ടറായി സർക്കാർ നിയമിച്ചത് എന്ന് മുതലാണ് ; | (എ) | 18.02.2012 മുതൽ |
| (ബി) | അദ്ദേഹത്തെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തത് എന്നായിരുന്നു ; | (ബി) | 19.06.2013-ൽ |
| (സി) | ശ്രീ.ഫിറോസ് തിരുവനന്തപുരം പ്രിൻസിപ്പൽ മജിസ്ട്രേറ്റ് കോടതിയിൽ നൽകിയ മുൻകൂർ ജാമ്യാപേക്ഷ തള്ളിയതിനെത്തുടർന്ന് പോലീസ് ഇദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയുണ്ടായോ; | (സി) | 18.07.2013-ാം തീയതി മെഡിക്കൽ കോളേജ് പോലീസ് ശ്രീ.ഫിറോസിനെ അറസ്റ്റ് ചെയ്യുകയുണ്ടായി. |
| (ഡി) | ഒളിൽക്കഴിഞ്ഞ രണ്ടാഴ്ചക്കാലം ഫിറോസിനെ അറസ്റ്റ് ചെയ്യുന്നതിന് പോലീസ് എന്തെല്ലാം ശ്രമങ്ങൾ നടത്തുകയുണ്ടായി; ഒളിവിൽ കഴിയുന്നതിന് ഫിറോസിനെ പോലീസ് സഹായിക്കുകയായിരുന്നു എന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ; ഫിറോസിന് ഒളിവിൽ കഴിയാൻ ആരെല്ലാം സഹായിക്കുകയുണ്ടായി; അവർക്കെതിരെ കേസെടുക്കുകയുണ്ടായോ; | (ഡി) | ഒളിവിൽക്കഴിഞ്ഞ ശ്രീ.ഫിറോസിനെ ടിയാൻ പോകാൻ സാധ്യതയുള്ള സ്ഥലങ്ങളിലും മറ്റും അന്വേഷണം നടത്തുകയുണ്ടായി. ഒളിവിൽക്കഴിഞ്ഞ ശ്രീ.ഫിറോസിനെ പോലീസ് സഹായിക്കുകയോ, മറ്റാരെങ്കിലും സഹായിച്ചിരുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഒളിവിലായ കാലയളവിൽ ഫിറോസിന്റെ ഫോണുകൾ കേന്ദ്രീകരിച്ച് അന്വേഷണം നടത്തുകയുണ്ടായോ; വിശദമാക്കാമോ; | (ഇ) | ശ്രീ.ഫിറോസിന്റെ ഫോൺ നമ്പർ കേന്ദ്രീകരിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത സമയത്ത് ടിയാന്റെ ഫോണുകൾ ഉപയോഗത്തിലായിരുന്നില്ല. |

| | |
|---|---|
| (എഫ്) പോലീസ് സ്റ്റേഷനിൽ ബൈക്കിൽ എത്തി കീഴടങ്ങിയ ഫിറോസിൽ നിന്നും ഒളിവ് ജീവിതം സംബന്ധിച്ച് പോലീസ് അന്വേഷിക്കുകയുണ്ടായോ; ഒളിവിൽ കഴിയുന്നതിന് സഹായിച്ച ആർക്കെല്ലാം എതിരെ പോലീസ് കേസെടുത്തു; | (എഫ്) ഒളിവിൽക്കഴിഞ്ഞ സ്ഥലത്തെ സംബന്ധിച്ചും മറ്റും അന്വേഷണം നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ആർക്കെതിരെയും കേസ് എടുത്തിട്ടില്ല. |
| (ജി) ഫിറോസിനെതിരെ എന്തെല്ലാം കുറ്റങ്ങൾക്ക് ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസെടുത്തിട്ടുണ്ട്; എത്ര കേസുകൾ നിലവിൽ ഉണ്ട്; വിശദമാക്കാമോ? | (ജി) ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 120(ബി), 420, 467, 468, 472, 34 പ്രകാരമുള്ള വകുപ്പുകൾ ചുമത്തി മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 910/2009 പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മറ്റു കേസുകളൊന്നും ടിയാന്റെ പേരിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ